

| ഉൽപ്പന്ന വിവരണം | പ്രയോജനം ആർക്കൊക്കെ | ഉൽപ്പന്നം കാഴ്ച്ചയിൽ | |
|---|---|---|---|
| **കൈവരി**: സന്തുലനാവസ്ഥ പാലിക്കുന്നതിനോ, ചലിക്കുന്നതിനോ, പിന്തുണയ്ക്കോ വ്യക്തികൾക്ക് പിടിക്കുന്നതിനായി ഒരു നിശ്ചിത സ്ഥലത്ത് ഉറപ്പിച്ചിരിക്കുന്ന ദണ്ഡ്. | കിടപ്പുമുറിയിലോ, കുളിമുറിയിലോ, ശുചിമുറിയിലോ അല്ലെങ്കിൽ കോണിപ്പടിയിലോ അധിക പിന്തുണ ആവശ്യമായിവരുന്ന വർക്ക് ഇത് ഉപകാരപ്രദമാകും. |  |  |
| **കൊണ്ടു നടക്കാവുന്ന റാംപ്:** ഒരിടത്ത് ഉറപ്പിച്ചിട്ടില്ലാത്തതും ആവശ്യമുള്ളിടത്ത് കൊണ്ടുപോകാവുന്ന തുമായ റാംപ്. | ചക്രക്കസേര, മുൻ ചക്രമുള്ള നടത്ത സഹായി അല്ലെങ്കിൽ നടത്ത ഫ്രെയിം എന്നിവ ഉപയോഗിച്ച് കുറഞ്ഞ ചുവടുകളാൽ എത്തിപ്പെടേണ്ടവ ർക്കും ഇത് ഉപകാരപ്രദമാകും. |  |  |
| **അനുയോജ്യമായ പാദരക്ഷകൾ**: പ്രാദേശികമായി വാങ്ങാവുന്നതും, കാലുകൾക്ക് കൃത്യമായി യോജിക്കുന്നതും സംരക്ഷണം നൽകുന്നതും വീഴ്ച തടയുന്നതുമായ പാദരക്ഷകൾ. | നടത്ത സഹായികൾ ഉപയോഗിക്കുന്നവ ർ, പാദ മുറിവുകൾ ഉണ്ടാകുവാൻ സാധ്യതയുള്ളവർ, വീഴ്ച്ചാ സാധ്യതയുള്ളവർ എന്നിവർക്ക് പ്രധാനപ്പെട്ടത്. |  |  |
| **ചികിത്സാ പാദരക്ഷകൾ:** കാൽപാദങ്ങൾക്ക് സംരക്ഷണവും പിന്തുണയും | കാലിൽ മുറിവുണ്ടാകുവാനു ള്ള സാദ്ധ്യത കൂടിയതോ കുറഞ്ഞതോ ആയ |  |  |

| | | | |
|---|---|---|---|
| നൽകുന്ന പ്രത്യേക സവിശേഷതകളുള്ള ഷൂകൾ. | ആളുകൾക്ക് ഇവ ആവശ്യമായി വന്നേക്കാം. | | |
| **മാറ്റപ്പലക**: മാറ്റപ്പലക ആളുകളെ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് സഹായിക്കുന്നു. | സുരക്ഷിതമായി നിവർന്ന് നിൽക്കുന്നതിനും കാലുകളിൽ ശരീരഭാരം താങ്ങുവാനും പ്രയാസമുള്ള വ്യക്തികൾക്ക് ഇവ ഉപയോഗപ്രദമാകാം . |  വളവുള്ള മാറ്റപ്പലക  നിവർന്ന മാറ്റപ്പലക |  |
| **നടത്ത സഹായികൾ**: നടത്ത സഹായികൾ ഒരു വ്യക്തിയെ നിവർന്ന് നിൽക്കുവാനും, ഇരിക്കുവാനും, നടക്കുവാനും സഹായിക്കുന്നു. | വ്യക്തികളുടെ വ്യത്യസ്തമായ ആവശ്യങ്ങൾക്ക് ഉതകും വിധത്തിലുള്ള വിവിധ ഇനം നടത്ത സഹായികൾ. |  മുൻ ചക്രമുള്ള നടത്ത സഹായി |  കൈമുട്ട് താങ്ങികൾ |
| **ലോവർ ലിംബ് ഓർത്തോസിസ്**: വ്യക്തിയുടെ ശരീരഭാഗങ്ങൾക്ക് പിന്തുണ നൽകുന്നതിനായുള്ള സ്പ്ലിന്റ് അല്ലെങ്കിൽ ബ്രേസ്. പുനരധിവാസ സേവനത്തിലൂടെ അല്ലെങ്കിൽ പ്രോസ്തെറ്റിക്, ഓർത്തോടിക്ക് സേവനങ്ങളിലൂടെയാണ് ഓർത്തോസിസുകൾ നൽകുക. | വ്യക്തികളുടെ വ്യത്യസ്തമായ ആവശ്യങ്ങൾക്ക് ഉതകും വിധത്തിലുള്ള വിവിധ ഇനം ഓർത്തോസിസ്. |  കാൽമുട്ട് ബ്രേസ് |  കണ്ണങ്കാൽ ഓർത്തോസിസ് |

| | | |
|---|---|---|
| **ലോവർ ലിംബ് പ്രോസ്തെസിസ്:** ഒരു വ്യക്തിയുടെ കാലിന്റെയോ പാദത്തിന്റെയോ നഷ്ടമായ ഭാഗങ്ങൾക്ക് പകരമായി വയ്ക്കുന്നു. ലോവർ ലിംബ് പ്രോസ്തെസിസ് എല്ലായ്പ്പോഴും ഓരോ വ്യക്തിയ്ക്കും യോജിക്കുന്ന രീതിയിൽ ഒരു വിദഗ്ദ്ധന്റെ മേൽനോട്ടത്തിലാണ് നിർമിക്കപ്പെടുന്നത്. | കാലിന്റെ അല്ലെങ്കിൽ പാദത്തിന്റെ ഭാഗങ്ങൾ നഷ്ടപ്പെടുകയോ അംഗവിച്ഛേദനം സംഭവിക്കുകയോ ചെയ്തവർക്ക് ഇവ ഉപയോഗപ്രദമാകും.<br>കാലിന്റെ അല്ലെങ്കിൽ പാദത്തിന്റെ ഒരു ഭാഗം നഷ്ടപ്പെട്ട എല്ലാവർക്കും ലോവർ ലിംബ് പ്രോസ്തെസിസ് ഉപയോഗിക്കുവാൻ കഴിയില്ല. |  കാൽമുട്ടിന് താഴത്തെ പ്രോസ്തെസിസ്<br> കാൽമുട്ടിന് മുകളിലെ പ്രോസ്തെസിസ് |
| **പോസ്റ്റീരിയർ നടത്ത ഫ്രെയിം:** കുട്ടിയ്ക്ക് പിന്നിൽ നിന്ന് പിന്തുണ നൽകുന്ന നടത്ത ഫ്രെയിം. സാധാരണയായി ഇത് കണ്ണങ്കാൽ ഓർത്തോസിസ് പോലുള്ള മറ്റു സഹായക ഉൽപ്പന്നങ്ങളോടൊപ്പം ഉപയോഗിക്കാറുണ്ട്, പുനരധിവാസ സേവനത്തിന്റെ ഭാഗമായും ഇത് നൽകാറുണ്ട്. | സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്ക് ഇത് ഉപകാരപ്രദമാകും. |  |

| | | |
|---|---|---|
| **നിൽക്കുന്നതിനുള്ള ഫ്രെയിമും കിടക്കുവാനുള്ള പിന്തുണയും** | പിന്തുണയില്ലാതെ സുരക്ഷിതമായി എഴുന്നേറ്റ് നിൽക്കുവാനും കിടക്കുവാനും ബുദ്ധിമുട്ട് നേരിടുന്ന മുതിർന്നവരിലും കുട്ടികളിലും ആരോഗ്യപരമായ സങ്കീർണതകൾ തടയുവാൻ സഹായിക്കുന്നു. |  നിവർന്ന് നിൽക്കുവാനുള്ള ഫ്രെയിം  കിടക്കുവാനുള്ള പിന്തുണ |
| **ചക്രക്കസേരകൾ**: ചക്രത്തിന്റെ സഹായത്തോടെ ചലിക്കുവാനും സംരക്ഷണമുള്ള ഇരിപ്പിടവും നൽകുന്നു. | നടക്കുവാൻ കഴിയാത്തവരും നടക്കുമ്പോൾ വളരെ പ്രയാസം അനുഭവപ്പെടുന്നവരും ഉപയോഗിക്കുന്നു. ആളുകളുടെ വ്യത്യസ്തമായ ആവശ്യങ്ങൾക്ക് ഉതകുന്ന വിവിധ തരം ചക്രക്കസേരകൾ. |   |

**ഓർമിക്കുക: ഈ എല്ലാ ഉൽപന്നങ്ങൾക്കും, നാല് ഘട്ടങ്ങളായുള്ള പ്രവർത്തനങ്ങൾ പ്രധാനമാണ്**



ഘട്ടം ഒന്ന് - പ്രാപ്യത



ഘട്ടം രണ്ട് – ഘടിപ്പിക്കൽ



ഘട്ടം മൂന്ന് - ഉപയോഗം



ഘട്ടം നാല് – തുടർ നടപടി